# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.352/PR/PIC/PHQ/15 Date :16.06.2015

---

**ഗതാഗതനിയമങ്ങൾ പാലിക്കുന്നതിൽ**

**പോലീസ് ഉദ്യോഗസ്ഥർ മാതൃകയാകണം- സംസ്ഥാന പോലീസ് മേധാവി**

ഗതാഗതനിയമങ്ങൾ പാലിക്കുന്നതിൽ പോലീസ് ഉദ്യോഗസ്ഥർ മററുള്ളവർക്ക് മാതൃകയാകണമെന്ന് സംസ്ഥാന പോലീസ് മേധാവി ടി പി സെൻകുമാർ നിർദേശിച്ചു. നോപാർക്കിങ് സ്ഥലത്ത് പാർക്ക് ചെയ്യുക, ഹെൽമററ് ധരിക്കാതെ ഇരുചക്രവാഹനം ഓടിക്കുക, ചുവന്ന ലൈററുകൾ ഉള്ളപ്പോൾ ജംങ്ഷനുകൾ ക്രോസ് ചെയ്യുക തുടങ്ങി പോലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങളുടെ നിയമലംഘനം പൊതുജനമധ്യത്തിൽ പലപ്പോഴും പോലീസിനെക്കുറിച്ച് അവജ്ഞയും അവമതിപ്പും ഉണ്ടാക്കുവാൻ ഇടയാക്കുന്നുണ്ട്.

പല സന്ദർഭങ്ങളിലും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ കാണുമ്പോൾ വളരെ പെട്ടെന്ന് സിഗ്നലുകൾ മാററി കാണിക്കുന്നത് അപകടങ്ങൾക്ക് ഇടയാക്കും. ചുവന്ന സിഗ്നലുകൾ കിടക്കുമ്പോഴും അവിടെയുള്ള പോലീസ് ഉദ്യോഗസ്ഥർ മററു വാഹനങ്ങളെ തടഞ്ഞു നിർത്തി മുതിർന്ന പോലീസ് ഉദ്യോഗസ്ഥന്റെ വാഹനം മാത്രം കടത്തി വിടുവാൻ ശ്രമിക്കാറുണ്ട്. ഇത് ഒരു കാരണവശാലും പാടില്ല. ചുവന്ന ലൈററ് കിടക്കുമ്പോൾ ഒരു ആംബുലൻസ് വാഹനം പോലും അതിനെതിരെ പോകുന്നത് കൂടുതൽ ഗുരുതരമായ അപകടങ്ങളിലേയ്ക്ക് വഴിവയ്ക്കും. അതുകൊണ്ട് തന്നെ ഒരു കാരണവശാലും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ കാണുമ്പോൾ ട്രാഫിക് പോയിന്റിലുള്ള പോലീസ് ഉദ്യോഗസ്ഥൻ ട്രാഫിക് നിയന്ത്രണം മാററി സിഗ്നൽ ലൈററിന് എതിരായ രീതിയിലുള്ള പ്രവേശനം അനുവദിക്കുവാൻ പാടുള്ളതല്ലെന്നു സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് അടിയന്തിരമായി യാത്രചെയ്യേണ്ട ക്രമസമാധാന പ്രശ്നമോ അടിയന്തരമായ ആശുപത്രി ആവശ്യമോ എന്നിങ്ങനെ അത്യാവശ്യമുണ്ടായാൽ ഹെഡ് ലൈററുകളും / ടോപ് ലൈററുകളും ആവശ്യമെങ്കിൽ സയറണും നൽകി മുന്നറിയിപ്പ് നൽകണം. ഇത്തരം മുന്നറിയിപ്പ് ലഭിച്ചാൽ ഗതാഗതം നിയന്ത്രിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ അതിനനുസൃതമായി ഗതാഗത സിഗ്നൽ മാറ്റി അടിയന്തര സ്വഭാവത്തിലുള്ള വാഹനം കടത്തി വിടണം. സാധാരണ നിലയിൽ ക്യൂ പാലിച്ച് മാത്രമേ ഇത്തരം ജംഗ്ഷനുകളിലൂടെ വാഹനങ്ങൾ കടന്നു പോകുവാൻ പാടുള്ളൂ.

രാഷ്ട്രപതി/ ഉപരാഷ്ട്രപതി/ പ്രധാനമന്ത്രി തുടങ്ങിയവരുടെ കാര്യത്തിൽ പ്രത്യേക നടപടി

ക്രമങ്ങൾ ഉള്ളതിനാൽ അവർക്കുള്ള ഗതാഗത സംവിധാനം പ്രത്യേക സെക്യൂരിററി സ്കീമുകൾ പ്രകാരം പ്രവർത്തിക്കണം. മററു വി.വി.ഐ.പി.കൾക്ക് സുരക്ഷാ കാരണങ്ങളാൽ ട്രാഫിക് ലൈററ് ജംങ്ഷനുകളിൽ നേരെ പ്രവേശനം വേണ്ടിവന്നാൽ അവരുടെ യാത്രാ പരിപാടി മുൻകൂട്ടി ട്രാഫിക് കൺട്രോൾ റൂമിൽ നൽകുകയും അവരെത്തുന്ന സമയത്തിന് തൊട്ടുമുൻപായി അവർക്ക് സുഗമമായി കടന്നു പോകുന്നതിനാവശ്യമായ സിഗ്നലുകൾ നൽകുകയും വേണം. സെക്യൂരിററി വിഭാഗം അതത് പോലീസ് കൺട്രോൾ റൂമുകളും/ ട്രാഫിക് വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങളിൽ ശരിയായ നടപടിയെടുക്കണം. എന്നാൽ ഇത്തരം സന്ദർഭങ്ങളിലും ചുവന്ന ലൈററുകൾ നിലനിർത്തി അവയ്ക്കെതിരെ പ്രവേശിക്കുവാൻ ഇടയുണ്ടാക്കരുത്. അങ്ങനെയുണ്ടായാൽ അത് ഗുരുതരമായ അപകടങ്ങളിൽ എത്തിച്ചേർന്നേയ്ക്കാം.

മററ് എല്ലാ സന്ദർഭങ്ങളിലും പാർക്കിങ്/ഓവർടേക്കിങ്/ഹോൺ ഉപയോഗം എന്നിവയിലെല്ലാം ഗതാഗത നിയമങ്ങൾ അനുസരിച്ചുള്ള, ജനങ്ങൾക്ക് പോലീസിനെ പററി നല്ല പ്രതിച്ഛായ ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കണം. നിയമവാഴ്ച നടപ്പാകുന്നു എന്ന ബോധ്യം എല്ലാ റോഡ് ഉപയോക്താക്കളിലും ഉണ്ടായാൽ തന്നെ എല്ലാവരും ഗതാഗത നിയമങ്ങൾ അനുസരിക്കുന്നതിന് സ്വയമേവ മുന്നോട്ട് വരുന്ന സാഹചര്യമുണ്ടാകും. എല്ലാ പോലീസ് ഉദ്യോഗസ്ഥരും, പ്രത്യേകിച്ച് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ പ്രത്യേക ശ്രദ്ധ നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.